**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **05-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതയെ കൊലപ്പെടുത്തി അമ്മ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;<br>ഗൗരവമായി കാണുന്നുണ്ട്. |
| (ബി) | എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . എൻഡോസൾഫാൻ ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനായി 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരധനസഹായം, പെൻഷൻ ( തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിയ്ക്കുന്നവർക്ക് പ്രതിമാസം 1700/- രൂപയും പെൻഷൻ ലഭിയ്ക്കാത്തവർക്ക് പ്രതിമാസം 2200/- രൂപയും ) എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് പ്രതിമാസം 1200/- രൂപ വീതം ചികിൽസാ സഹായം, ദുരിതബാധിതരെ പരിചരിയ്ക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം ധനസഹായം , ഭവന പദ്ധതി, ബാങ്ക് വായ്പ എഴുതിതള്ളൽ, കുട്ടികൾക്ക് സ്കോളർഷിപ്പ് ( ബഡ്സ് സ്കൂളുകളിൽ പഠിയ്ക്കുന്നവർക്ക് 2000/- രൂപ വീതവും മറ്റ് കുട്ടികൾക്ക് 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിയ്ക്കുന്ന കുട്ടികൾക്ക് 2000 രൂപ വീതവും 8 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് 3000 രൂപ വീതവും പ്ലസ് 1, പ്ലസ് 2 ക്ലാസുകളിലെ കുട്ടികൾക്ക് 4000 രൂപ വീതവും) എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. മൂളിയാർ ഗ്രാമപഞ്ചായത്തിൽ എൻഡോസൾഫാൻ പുനരധിവാസകേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സുപ്രീംകോടതി നിഷ്കർഷിച്ച നഷ്ടപരിഹാര തുക അഞ്ച് വർഷമായിട്ടും കൊടുത്തു തീർക്കാൻ സാധിക്കാത്തതിൽ സുപ്രീം കോടതി സംസ്ഥാന സർക്കാരിനെ വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ അനർഹർ കടന്നുകൂടിയതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തല |

| | | | |
|---|---|---|---|
| | | | അന്വേഷണത്തിന്റെ ഭാഗമായാണ് ധനസഹായം വിതരണം ചെയ്യുന്നതിന് നേരത്തേ അല്പം കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ ഓൺലൈൻ പോർട്ടൽ മുഖേന ധനസഹായ വിതരണം ദ്രുതഗതിയിൽ നടന്നുവരുന്നു. നാളിതുവരെയായി 1758 ദുരിതബാധിതർക്കായി 68,35,50,000/- രൂപ (അറുപത്തിയെട്ട് കോടി മുപ്പത്തഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ, 15.03.2022 ലെ സ.ഉ. (സാധാ) നം. 1877/2022/ധന നമ്പർ ഉത്തരവ് പ്രകാരം, ദുരിതബാധിതരായ എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിലേയ്ക്കായി 200 കോടി രൂപ അധികധനാനുമതി അനുവദിയ്ക്കുകയും നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യരായ വ്യക്തികളെ ജില്ലാ കളക്ടർ കണ്ടെത്തുന്ന മുറയ്ക്ക് 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് 24.03.2022 ലെ സ.ഉ. (കൈ) നം. 4/2022/സാനീവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ